"നീതി ഔദാര്യമല്ല...
അവകാശമാണ്."



# പട്ടികവർഗ്ഗ ഉപപദ്ധതി
## (ടി.എസ്.പി.)

JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT


തയ്യാറാക്കിയത്

**ബിജു ജോസ്**

ഡോക്യുമെന്റേഷൻ ഓഫീസർ



**നീതിവേദി**

സുധിക്കവല, കാക്കവയൽ പി.ഒ.
കൽപ്പറ്റ നോർത്ത്, വയനാട് - 673 122
ഫോൺ: 04936 - 246788, 9447640378

E-mail : neethivedhi@gmail.com
Web: www.neethivedhi.org




ആദിവാസി സമൂഹങ്ങളുടെ സമഗ്രവും സംയോജിതവുമായ വളർച്ചയ്ക്കുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക വികസന പദ്ധതിയാണ് പട്ടിവർഗ്ഗ ഉപപദ്ധതി അഥവാ ട്രൈബൽ സബ് പ്ലാൻ. പൊതുവായ പഞ്ചവത്സര പദ്ധതികളിൽക്കൂടി മാത്രം പട്ടിക വർഗ്ഗ വികസനം നടത്തുവാൻ സാധ്യമല്ലായെന്ന തിരിച്ചറിവിലൂടെയാണ് 1975 - ൽ ഉപ പദ്ധതിക്ക് രൂപം നൽകിയത്. ദേശീയ ആസൂത്രണ പദ്ധതിയുടെ അവിഭാജ്യ ഘടക മാണ് പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി). കേരളത്തിൽ 9 - ാം പഞ്ചവത്സര കാലം (1996 - 97) മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിന് പുറമെ ത്രിതല പഞ്ചായത്തു കൾക്കും പട്ടികവർഗ്ഗ ഉപപദ്ധതി ആവിഷ്ക്കരിക്കാനും നടപ്പിലാക്കാനും അധികാ രവും ഫണ്ടും നൽകിവരുന്നു. സംസ്ഥാന ബഡ്ജറ്റിൽ ഓരോ തദ്ദേശഭരണ സ്ഥാപന ത്തിനും ആ പ്രദേശത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനു വദിക്കുന്നുണ്ട്. പ്രസ്തുത ഫണ്ട് വക മാറ്റി ചെലവഴിക്കുവാനോ, പാഴാക്കാനോ പാടി ല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഊരുകൂട്ടങ്ങളുടെയും പട്ടികവർഗ്ഗ ഉപപദ്ധതി വർക്കിംഗ് ഗ്രൂപ്പി ന്റെയും ഉദ്യോഗസ്ഥ സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ വേണം ഈ പദ്ധതി ആവിഷ്ക്കരിക്കേണ്ടതും നടപ്പിലാക്കേണ്ടതും.

പട്ടികവർഗ്ഗ ഉപപദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് തദ്ദേശഭരണ സ്ഥാപനത്തിലെ ഭരണസമിതിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുമാണ്. സ്റ്റാന്റിംഗ് കമ്മറ്റിയെ സഹായിക്കുന്നതിന് ഉദ്യോഗസ്ഥന്മാരും വിദഗ്ധന്മാരും പട്ടിക വർഗ്ഗ പ്രതിനിധികളും ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഗ്രാമപ ഞ്ചായത്തിലെ/നഗരസഭയിലെ മുഴുവൻ എസ്. റ്റി. പ്രൊമോട്ടർമാരെയും വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായ ത്തുകളും 3 വീതം എസ്. റ്റി. പ്രൊമോട്ടർമാരെ അവരവരുടെ വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളാക്കേണ്ടതാണ്. പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കേണ്ട തദ്ദേശഭരണ സ്ഥാപ നങ്ങളിൽ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യക്ക് ആനുപാതികമായി ആ വിഭാഗ ത്തിൽപ്പെട്ടവരെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും അംഗങ്ങളാക്കേണ്ടതാണ്.

**നിബന്ധനകൾ**

1. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശഭരണ സ്ഥാപ നവും പൊതുവായ വാർഷിക പദ്ധതികൾക്ക് പുറമെ പട്ടികവർഗ്ഗ ഉപപദ്ധതി കൂടി തയ്യാറാക്കേണ്ടതാണ്.
2. പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക, സാമൂഹ്യ, പശ്ചാത്തല വികസന ങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ഉണ്ടായിരിക്കേണ്ടതാണ്. ആദിവാസികൾ വസി ക്കുന്ന പ്രദേശങ്ങളുടെയും തൊട്ടടുത്തുള്ള പൊതുസമൂഹം താമസിക്കുന്ന പ്രദേ ശങ്ങളുടെയും ഇപ്പോൾ നിലനിൽക്കുന്ന വികസന വിടവുകൾ കുറച്ചുകൊണ്ടുവ രണം വികസനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയായിരിക്കണം ഊന്നൽ നൽകേണ്ടത്. തത്തുല്യമായി ജീവിത നിലവാരത്തിന്റെ ഗുണമേന്മയും വളർന്ന് വികസിക്കണം.
3. ഓരോ പ്രദേശത്തും നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്ന വിധത്തിൽ വ്യത്യസ്തവും അയവുള്ളതുമായിരിക്കണം ആസൂത്രണ പ്രക്രിയ. ഉദാഹരണ ത്തിന് ഐ.ടി.ഡി.പി. തലത്തിൽ ഓരോ സമുദായത്തിന്റെ പ്രത്യേകതകളായ സംസ്ക്കാരം, സാമ്പത്തിക പദവി, പാരമ്പര്യ സാങ്കേതിക വിദ്യ എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചെറുപദ്ധതികൾക്ക് രൂപ നൽകണം. അതിജീവനം, ക്ഷേമം, സമൂഹം, സ്വത്വം, സുരക്ഷ എന്നീ ഘടകങ്ങളുടെ പരിഗണന വികസന ത്തിൽ പ്രതിഫലിപ്പിക്കുവാൻ ശ്രദ്ധിക്കണം.

4. വികസനത്തിൽക്കൂടി സാമ്പത്തിക അടിത്തറ ഭദ്രമായി കെട്ടിപ്പടുത്തുന്നതിന് വേണ്ടി ഉൽപ്പാദന മേഖലക്ക് വലിയ പരിഗണന ലഭിക്കണം. നിലവിലുള്ള കൈവശഭൂമി യുടെ പരിരക്ഷ, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ, കൃഷി മെച്ചപ്പെടുത്താനുള്ള വികസനവ്യാപനം, കൃഷിക്ക് വേണ്ട ജലസേചന സൗകര്യം, കാർഷിക ഉൽപ്പന്നങ്ങ ളുടെ കൈമാറ്റം, വിപണനം, ന്യായവില ലഭ്യമാക്കൽ, ചെറുകിട വനവിഭവ ശേഖര ത്തിൽക്കൂടിയുള്ള വരുമാനം എന്നിവ ആദിവാസികളുടെ അതിജീവന മാർഗ്ഗ ങ്ങളിൽ ചിലത് മാത്രമാണ്. ഈ വരുമാനമാർഗ്ഗങ്ങൾ ചുരുങ്ങിവരുന്ന പ്രവണത ബോധപൂർവ്വം തടയപ്പെടേണ്ടതാണ്.
5. പട്ടികവർഗ്ഗ സർവ്വേയിലൂടെ ലഭ്യമായിട്ടുള്ള വിശദമായ സ്ഥിതിവിവര കണക്കുകൾ പ്രയോജനപ്പെടുത്തി കുടുംബ കേന്ദ്രീകൃത (Household Approach) സമീപന ത്തിന്റെ അടിസ്ഥാനത്തിലുള്ള വികസനത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്. ആശ്രയ മാതൃകയിൽ കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവ ശ്യങ്ങളും തുടർന്ന് ഊരിനെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും നിർണ്ണയിക്കണം.
6. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാ റാക്കുമ്പോൾ ഗ്രാമപഞ്ചായത്ത് പദ്ധതികൾകൂടി പരിഗണിക്കണം.
7. കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ പൊതുസൗകര്യങ്ങൾ ഊരുകളിൽ നടപ്പി ലാക്കുമ്പോൾ അതിനായി പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള നിബന്ധനകൾ പാലി ക്കേണ്ടതാണ്. ഈ നിബന്ധനകൾ ചുവടെ ചേർക്കുന്നു:
    a. ഊരുകളിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി ജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ഗുണഭോക്താക്കളിൽ 51% പട്ടികവർഗ്ഗ വിഭാഗക്കാർ ആയിരിക്കണം. ജലസേചനം ചെയ്യാൻ ഉദ്ദേശിക്കുന്ന കൃഷിഭൂമിയുടെ 51% പട്ടികവർഗ്ഗക്കാരുടെ കൈവശത്തിലുള്ളതും ആയിരിക്കണം. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രൊജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യ ഭൂപടം തയ്യാറാക്കി പട്ടികവർഗ്ഗക്കാരുടെയും മറ്റു വിഭാഗക്കാരു ടെയും കൃഷി സ്ഥലം വ്യത്യസ്ത നിറങ്ങളിൽ അടയാളപ്പെടുത്തണം. പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും അടങ്ങിയ ലിസ്റ്റും ഉൾപ്പെടുത്തേണ്ടതാണ്.
    b. പട്ടികവർഗ്ഗ ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനായി തയ്യാറാക്കുന്ന പ്രൊജക്ടുകൾക്കൊപ്പം സാമൂഹ്യ ഭൂപടവും ഗുണഭോക്താക്കളുടെ പട്ടിക യും കെ.എസ്.ഇ.ബി.യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയ എസ്റ്റി മേറ്റും ഉണ്ടായിരിക്കണം. ഗുണഭോക്താക്കളിൽ 51% പട്ടികവർഗ്ഗ കുടുംബ ങ്ങൾ ആയിരിക്കണം.
    c. പട്ടികവർഗ്ഗ ഊരുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി തയ്യാറാക്കുന്ന പ്രൊജക്ടുകൾക്കും സാമൂഹ്യ ഭൂപടം, ഗുണഭോക്തൃ ലിസ്റ്റ്, എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരിക്കണം. പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന കുടിവെള്ള വിതരണ പ്രൊജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം നിർബന്ധമില്ല.
8. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ല. പട്ടികവർഗ്ഗ ഊരുകളിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിന് ജനറൽ ഫണ്ട് വിനിയോഗിക്കേണ്ടതാണ്. എന്നാൽ പട്ടികവർഗ്ഗ ഊരുകളിലേക്ക് മാത്രമുള്ള നടപ്പാ തകളും നടപ്പാലങ്ങളും 3 മീറ്റർവരെ വീതിയിൽ നിർമ്മിക്കുന്നതിന് ഈ ഫണ്ട് ഉപ യോഗിക്കാവുന്നതാണ്. പട്ടികവർഗ്ഗ കോളനികൾക്കകത്തുള്ള റോഡുകൾ ജില്ലാ

പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നപക്ഷം ആ റോഡുകൾക്ക് 6 മീറ്റർ വീതിയെങ്കിലും ഉണ്ടായിരിക്കണം.

9. കൃഷി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.
10. പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകാവുന്നതാണ്.
11. പത്ത് ശതമാനമെങ്കിലും പട്ടികവർഗ്ഗക്കാരായ വിദ്യർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് കുടുംബശ്രീ മുഖേന പ്രഭാതഭക്ഷണം പാചകം ചെയ്ത് നൽകാവുന്നതാണ്.
12. ഐ.എ.വൈ. /പി.എ.വൈ. പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ഭവനരഹിതർക്ക് പരമാവധി വീടുകൾ അനുവദിച്ച ശേഷവും ഭവനരഹിതർ അവശേഷിക്കുന്നുണ്ടെങ്കിൽ മാത്രം ഈ ഫണ്ടിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ വീടുകൾ അനുവദിച്ചാൽ മതിയാകും. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് ഇത് സംബന്ധിച്ച സാക്ഷ്യപത്രം വാങ്ങി ഭവനനിർമ്മാണ പ്രൊജക്ടുകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്.
13. ഭൂരഹിത ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നതിനായിരിക്കണം ഏറ്റവും കൂടിയ മുൻഗണന നൽകേണ്ടത്. ബി.പി.എൽ. കുടുംബമാണെന്ന് സെക്രട്ടറിയും വാസയോഗ്യമായ വീടില്ലായെന്ന് രണ്ട് ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തിയവരിൽ നിന്നും മുൻഗണനാ ക്രമത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
14. കുടുംബത്തിന് മാത്രമെ വീടിന് അർഹതയുള്ളൂ. ഭാര്യയുടെ പേരിലായിരിക്കണം വീട് അനുവദിക്കേണ്ടത്. ഭാര്യ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടതും ഭാര്യ ആയിരിക്കണം.
15. ധനസഹായം ലഭിച്ച് നിർമ്മിച്ച വീടുകൾ 12 വർഷത്തിനുള്ളിൽ വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല. വീട് നിർമ്മിച്ച് കഴിഞ്ഞാൽ 12 വർഷത്തിന് മുമ്പ് പുതിയ വീട് നിർമ്മിക്കുന്നതിനോ 6 വർഷത്തിന് മുമ്പ് റിപ്പയർ/പുനരുദ്ധാരണത്തിനോ ധനസഹായം നൽകാൻ പാടില്ല.

## പരിചരണ സേവനങ്ങളുടെ പാക്കേജ്

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും കുറഞ്ഞത് 50% തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന് അർഹരായ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ ആശ്രയ പ്രൊജക്ടിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരമാണ് കണ്ടെത്തേണ്ടത്. ഉദാഹരണത്തിന്, അനാഥരായവർക്കും കിടപ്പുരോഗികൾക്കും ഭക്ഷണം നൽകൽ, വിധവകൾക്കും അഗതികൾക്കും കുട്ടികൾക്കും അംഗപരിമിതർക്കും ഭക്ഷണം, മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുൾപ്പടെയുള്ള സേവനങ്ങൾ നൽകൽ തുടങ്ങിയവ ഇത്തരം പാക്കേജുകളിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരം സേവനങ്ങൾ അർഹരായവരിൽ എത്തിക്കുന്നതിന് താൽപ്പര്യമുള്ള സംഘടനകളെയും വ്യക്തികളെയും ബന്ധപ്പെട്ട പഞ്ചായത്തുകൾ കണ്ടെത്തേണ്ടതാണ്.

അവകാശാധിഷ്ഠിത സമീപനത്തോടെ മുൻഗണനയും വിനിയോഗവും സംബന്ധിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ ബന്ധപ്പെട്ട എല്ലാവർക്കും അവസരമുണ്ടാകണം. സ്വയംഭരണ അവകാശം ആദിവാസി വികസനത്തിന്റെ ശോഭ വർദ്ധിപ്പിക്കുവാൻ ഏറെ സഹായകരമാകും. അങ്ങനെയാണെങ്കിൽ മാത്രമേ ആശ്രിത മനോഭാവം മാറ്റിയെടുത്ത് സ്വയം വികസിക്കുവാനും സ്വാഭിമാനം കാത്തുസൂക്ഷിക്കുവാനും മാനസികമായ ചക്രവാളങ്ങൾ വിപുലപ്പെടുത്തുവാനുമുള്ള സാഹചര്യം വന്നു ചേരുകയുള്ളൂ.